**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2108

**17.06.2014**- ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡിലെ അംഗങ്ങൾക്കുള്ള ബത്തകൾ

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം :**

എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയവയുടെ ഡയറക്ടർ ബോർഡുകളിൽ പ്രവർത്തിച്ചു വരുന്നവർക്ക് നിലവിൽ ഓണറേറിയം,. ദിനബത്ത, ക്ഷാമബത്ത തുടങ്ങിയ ഇനങ്ങളിലായി എത്ര രൂപ വീതമാണ് ഓരോ വിഭാഗങ്ങളിലും നൽകുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത തുക എന്നു മുതലാണ് അനുവദിച്ചിട്ടുള്ളത് ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) ഡയറക്ടർ ബോർഡ് മെമ്പർമാർക്ക് ഓണറേറിയവും ക്ഷാമബത്തയും അനുവദിച്ചിട്ടില്ല. ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

| **എ)** പ്രാഥമിക സഹകരണ സംഘങ്ങൾ | ദിനബത്ത | യാത്രാ ബത്ത (കിലോമീറ്ററിന്) | സിറ്റിംഗ് ഫീസ് |
|---|---|---|---|
| സൂപ്പർ ഗ്രേഡ് | 350 | 3.50 | 500 |
| സ്പെഷ്യൽ ഗ്രേഡ് | 350 | 3.00 | 400 |
| ക്ലാസ് I | 300 | 3.00 | 400 |
| ക്ലാസ് II | 300 | 3.00 | 350 |
| ക്ലാസ് III | 250 | 3.00 | 300 |
| ക്ലാസ് IV | 250 | 3.00 | 300 |
| ക്ലാസ് V | 250 | 3.00 | 300 |
| ക്ലാസ് VI | 250 | 3.00 | 250 |
| ക്ലാസ് VII | 250 | 3.00 | 250 |
| **ബി)** സഹകരണ കാർഷിക വികസന ബാങ്കുകൾ | 350 | 4.00 | 400 |
| ജില്ലാ സഹകരണ ബാങ്ക് | 350 | 4.00 | 500 |

നിലവിലെ നിരക്കുകൾ 01.05.2013 മുതൽ പ്രാബല്യത്തിൽ വന്നു.

ബി) ഓരോ വിഭാഗത്തിനും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന ഓണറേറിയം, ടി.എ., ഡി.എ ഇവ എത്ര വീതം എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി)

| പ്രാഥമിക സഹകരണ സംഘങ്ങൾ | ഓണറേറിയം | സിറ്റിംഗ് ഫീസ് | ടി.എ. കി.മീ |
|---|---|---|---|
| സൂപ്പർ ഗ്രേഡ് | 7500 | 350 | 3.50 |
| സ്പെഷ്യൽ ഗ്രേഡ് | 6000 | 350 | 3.00 |
| ക്ലാസ് I | 5000 | 300 | 3.00 |
| ക്ലാസ് II | 4500 | 300 | 3.00 |
| ക്ലാസ് III | 4250 | 250 | 3.00 |
| ക്ലാസ് IV | 4000 | 250 | 3.00 |
| ക്ലാസ് V | 3500 | 250 | 3.00 |
| ക്ലാസ് VI | 3250 | 250 | 3.00 |
| ക്ലാസ് VII | 2500 | 250 | 3.00 |
| സഹകരണ കാർഷിക വികസന ബാങ്കുകൾ | 7500 | 350 | 4.00 |
| ജില്ലാ സഹകരണ ബാങ്ക് | 12,000 | 350 | 4.00 |

സി) വർഷങ്ങളായി സഹകരണ രംഗത്തു നാമ മാത്രമായ തുക മാത്രം കൈപ്പറ്റി ജന സേവനം നടത്തിവരുന്ന സാധാരണക്കാരായവർക്ക് ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) പെൻഷൻ/ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സഹകരണ മേഖലയിൽ ദീർഘകാലം പ്രവർത്തിച്ചവരും സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്ക് നിസ്വാർത്ഥമായ സേവനം നൽകിയവരും ഇപ്പോൾ അശരണരും നിരാലംബരുമായ സഹകാരികൾക്ക് ആശ്വാസം നൽകുന്നതിനായി "അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് അർഹരായവർക്ക് ധന സഹായം നൽകി വരുന്നുണ്ട്.

സംഘങ്ങളിലെ അംഗങ്ങളുടെ ക്ഷേമത്തിനായി "സഹകരണ മെമ്പർ റിലീഫ് ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കുന്നതിനും ഇതിലേക്ക് സംഘങ്ങളുടെ ഓരോ വർഷത്തേയും അറ്റലാഭത്തിന്റെ 10 ശതമാനം വക മാറ്റുന്നതിനും കേരള സഹകരണ സംഘ നിയമത്തിൽ വ്യവസ്ഥ ചെയ്തുകൊണ്ട് 2013 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**